**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4199** **18-07-2022 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ സ്പിന്നിംഗ് മില്ലിന്റെ നവീകരണം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവൃത്തികൾ സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | ക്വയിലോൺ സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആദ്യഘട്ട നവീകരണത്തിന്റെ ഭാഗമായി 30.94 കോടി രൂപ മുടക്കി 7296 സ്പിൻഡിൽ സ്ഥാപിക്കുകയും നവീകരിച്ച സ്പിന്നിംഗ് ഡിപ്പാർട്ട്മെന്റ് പ്രവർത്തിച്ച് വരികയുമാണ്. ആദ്യഘട്ട നവീകരണം പൂർത്തിയാക്കുന്നതിനായി 2021-2022 സാമ്പത്തിക വർഷത്തിൽ 4 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് മില്ലിൽ 4 വൈൻഡിങ് മെഷീനുകളും മറ്റ് അനുബന്ധ മെഷീനുകളും വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കാമോ ? | (ബി) | മില്ലിന്റെ രണ്ടാം ഘട്ട നവീകരണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടത്തിലും 7296 സ്പിൻഡിൽ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. ആയതിലേക്ക് 2022-2023 വാർഷിക ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തുകയും പ്രസ്തുത തുകയ്ക്കുള്ള ഭരണാനുമതി നൽകി കൊണ്ട് തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ